സ്മാർട്ട് സിറ്റി

30 [*177] ശ്രീ. എ. സി. മൊയ്തീൻ :

" സാജുപോൾ :

ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന നിർദ്ദിഷ്ട സ്മാർട്ട് സിറ്റിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ ആവശ്യത്തിലേക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണ്;

(സി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്ന ഏജൻസികൾ ഏതൊക്കെയാണ് ;

(ഇ) അവർ ഓരോരുത്തരും നൽകുന്ന സാമ്പത്തിക സഹായങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) സംസ്ഥാനത്ത് കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതിന് ദുബായ് ഇന്റർനെറ്റ് സിറ്റി സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. കൊച്ചിയിലെ ടെക്നോളജി കമ്പനികൾക്ക് അനുയോജ്യമായ സംയോജിത ക്യാമ്പസ് സ്ഥാപിക്കുന്നതിനുള്ളതാണ് നിർദ്ദിഷ്ട പദ്ധതി. ഈ ക്യാമ്പസിൽ വിദ്യാഭ്യാസം, വ്യാപാരം, ഭവനം, വിനോദ വിശ്രമ കേന്ദ്രങ്ങൾ തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഉണ്ടാകുന്നതാണ്. വിവിധ തരത്തിലുള്ള ബിസിനസ് ആവശ്യമായ സൗകര്യങ്ങൾ നൽകുന്ന ഒരു ക്യാമ്പസ് ആയിരിക്കുമത്. ഐ. സി. റ്റി. ബിസിനസിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും നൽകുന്ന ഒരു ഏകജാലക സംവിധാനവുമായിരിക്കും. കേരളത്തിൽ കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുന്നതു കൊണ്ട് കേരളത്തെ ആഗോളനിലവാരത്തിലുള്ള ഒരു ഒന്നാംകിട ഉന്നത സാങ്കേതിക വിദ്യാ കേന്ദ്രമാക്കി മാറ്റുന്നതും കൊച്ചിയെ അന്തർദേശീയ ഐ. ടി./ഐ. ടി. ഇ. എസ്./ ബയോടെക്നോളജി വ്യവസായ കേന്ദ്രമാക്കി മാറ്റുവാനാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിയുടെ മൊത്തം ചെലവ് 300 ദശലക്ഷം അമേരിക്കൻ ഡോളർ ആയിരിക്കും. 1000 ഏക്കർ സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തി 75,000 ജോലി സാദ്ധ്യതകൾ ഉണ്ടാക്കുവാനാണ് ദുബായ് ഇന്റർനെറ്റ് സിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതിക്ക് വേണ്ടിവരുന്നത് 1000 ഏക്കർ സ്ഥലമാണ്. ആദ്യഘട്ടത്തിൽ ഇതിനായി 400 ഏക്കർ സ്ഥലം ആവശ്യമാണ്. ഈ ആവശ്യത്തിലേക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിബന്ധനകൾക്ക് അന്തിമ തീരുമാനമായിട്ടില്ല.

(സി) ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ. ആയതിനാൽ സ്ഥലമെടുപ്പ് നടപടികൾ തുടങ്ങിയിട്ടില്ല.

(ഡി) യും (ഇ) യും ദുബായ് ഇന്റർനെറ്റ് സിറ്റി അധികൃതർ ആയിരിക്കും പ്രധാന നിക്ഷേപകർ. മറ്റു കാര്യങ്ങളിൽ അന്തിമ തീരുമാനമായിട്ടില്ല.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭരണ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട കൺസൾട്ടൻസികൾ

1 [774] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തുന്നതിന് എത്ര കൺസൾട്ടൻസികളെ നിയമിച്ചിട്ടുണ്ടെന്നും, അവ ഏതെല്ലാമാണെന്നും അറിയിക്കാമോ ;

(ബി) ഓരോ കൺസൾട്ടൻസിയിലും എത്ര വിദേശികളുടെ സേവനം ഉപയോഗപ്പെടുത്തുന്നുവെന്നും അവർ ഏതെല്ലാം രാജ്യക്കാരാണെന്നും വിശദീകരിക്കാമോ ;

(സി) ഓരോ കൺസൾട്ടൻസിക്കും എത്ര രൂപയാണ് പ്രതിഫലമായി നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ, ബി & സി) ഡച്ച് ഗവൺമെന്റിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന പ്രൊക്യൂർമെന്റ് സർവ്വീസ് പ്രൊവൈഡർ ആണ് ഭരണ നവീകരണ പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആവശ്യമായി വരുന്ന പഠനങ്ങൾക്ക് വിദഗ്ദ്ധരെ കണ്ടെത്തുന്നത്. ഡച്ച് സർക്കാരിന്റെ ഗ്രാന്റ് ഉപയോഗിച്ച് പ്രൊക്യൂർമെന്റ് സർവ്വീസ് പ്രൊവൈഡർ വഴിയാണ് ഇവർക്കുള്ള ഫീസ് നൽകുന്നതും. ഇത്തരത്തിൽ നിയമിച്ചിട്ടുള്ള കൺസൾട്ടൻസികളെ കുറിച്ചുള്ള ഒരു സ്റ്റേറ്റ്മെന്റ് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. നിലവിൽ വിദേശികളാരുംതന്നെ ഭരണ നവീകരണ പരിപാടിയുടെ വിദഗ്ദ്ധോപദേശകരായി പ്രവർത്തിക്കുന്നില്ല. കൺസൾട്ടൻസിക്കുള്ള പ്രതിഫലം നിശ്ചയിക്കുന്നതും നൽകുന്നതും പ്രൊക്യൂർമെന്റ് സർവ്വീസ് പ്രൊവൈഡർ ആണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ബാധ്യത ഒന്നും തന്നെയില്ല. ഇങ്ങനെ നൽകുന്ന പ്രതിഫലം അനുബന്ധമായി † ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റിൽ ലഭ്യമാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly